# ബസേലിയസ് കോളജ്
കോട്ടയം

## 60–ാമത്
## പേട്രൺ സെയിന്റ്സ് ഡേ ആചരണം



പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ
കാതോലിക്കാ ബാവാ (കലാലയത്തിന്റെ
കാവൽപിതാവ്)



അധ്യക്ഷൻ
പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് തൃതീയൻ
കാതോലിക്കാ ബാവാ
(മലങ്കര ഓർത്തഡോക്സ്
സഭാധ്യക്ഷൻ)



**അഭി. ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്ത**
(എം.ഒ.സി. കോളജുകളുടെ മാനേജർ)



ഉദ്ഘാടനവും അനുസ്മരണ പ്രഭാഷണവും
**ശ്രീ. കെ. ജയകുമാർ IAS**
(മുൻ കേരള ചീഫ് സെക്രട്ടറി)
ഡയറക്റ്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

BASELIUS COLLEGE, KOTTAYAM
DIAMOND JUBILEE

**മാർ ഡയനീഷ്യസ് ഹാൾ, 2024 ജനുവരി 5 വെള്ളി, 2 പി.എം.**

BASELIUS COLLEGE
ESTD. 1964
60ാമത്
പേട്രൺ സെയിന്റ്സ്
ഡേ ആചരണം
NAAC RE-ACCREDITED @ A++ GRADE
WITH CGPA OF 3.51
KOTTAYAM

ബഹുമാന്യരേ,

വജ്രജൂബിലി നിറവിലെത്തിയ
കോട്ടയം ബസേലിയസ് കലാലയത്തിന്റെ
നാമഹേതുകനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ്
ദ്വിതീയൻ കാതോലിക്കാ ബാവായുടെ
60-ാമത് ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച്
2024 ജനുവരി 5ന്, ബസേലിയസ് കലാലയം
പേട്രൺ സെയിന്റ്സ് ഡേ ആചരിക്കുകയാണ്.

ഉച്ചയ്ക്ക് 2 മണിക്ക് മാർ ഡയനീഷ്യസ് ഹാളിൽ നടക്കുന്ന
സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ
**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്**
**തൃതീയൻ കാതോലിക്കാ ബാവാ**
അധ്യക്ഷത വഹിക്കും.

കേരളത്തിന്റെ സാഹിത്യസാംസ്കാരിക-അക്കാദമിക്
മേഖലകളിലെ നിറസാന്നിദ്ധ്യവും മുൻ കേരള ചീഫ് സെക്രട്ടറിയും
മലയാളം സർവ്വകലാശാല മുൻ വൈസ് ചാൻസലറുമായ
**ശ്രീ. കെ. ജയകുമാർ** IAS
പേട്രൺ സെയിന്റ്സ് ഡേ ഉദ്ഘാടനവും
അനുസ്മരണപ്രഭാഷണവും നിർവ്വഹിക്കും.
എം.ഒ.സി. കോളജുകളുടെ മാനേജർ
**അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത**
അനുഗ്രഹപ്രഭാഷണം നടത്തും.

കലാലയകുടുംബം പിതൃസ്മരണയുടെ വിശുദ്ധിയിൽ
ഒത്തുചേരുന്ന ഈ ദിനത്തിൽ, ഈ വർഷം സേവനത്തിൽ
നിന്ന് വിരമിക്കുന്ന കുടുംബാംഗങ്ങളെ ആദരിക്കും.
ധന്യമായ ഈ ചടങ്ങിലേക്ക് അങ്ങയെ
ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ഡോ. ആനി ചെറിയാൻ**
(ജനറൽ കൺവീനർ & ബർസാർ)
**ശ്രീ. റോയ് ചാക്കോ**
(ജോ. കൺവീനർ)

**പ്രൊഫ. ഡോ. ബിജു തോമസ്**
(പ്രിൻസിപ്പൽ)

# കാര്യപരിപാടി

05-01-2024 വെള്ളി

2 പി.എം : പൊതുസമ്മേളനം

| | | |
|---|---|---|
| പ്രാർത്ഥനാഗാനം | : | ഗായകസംഘം (എം.ജി.ഒ.സി.എസ്.എം) |
| സ്വാഗതം | : | പ്രൊഫ. ഡോ. ബിജു തോമസ് (പ്രിൻസിപ്പൽ) |
| അധ്യക്ഷപ്രസംഗം | : | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ (മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ) |
| പുഷ്പാർച്ചന | : | കലാലയത്തെ നയിച്ച പ്രിൻസിപ്പൽമാർ |
| ഉദ്ഘാടനവും അനുസ്മരണ പ്രഭാഷണവും | : | ശ്രീ. കെ. ജയകുമാർ IAS (മുൻ കേരള ചീഫ് സെക്രട്ടറി) |
| ആരാധനാഗീതം | : | ഗായകസംഘം |
| അനുഗ്രഹ പ്രഭാഷണവും ഉപഹാരസമർപ്പണവും | : | അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത (എം.ഒ.സി. കോളജുകളുടെ മാനേജർ) |
| വിരമിക്കുന്ന കുടുംബാംഗങ്ങളെ ആദരിക്കൽ | : | പരിശുദ്ധ കാതോലിക്കാ ബാവാ |
| ആശംസകൾ | : | പ്രൊഫ. വർക്കി മാത്യു (പ്രസിഡന്റ്, ഫോർട്ട്) |
| | : | ഡോ. തോമസ് കുരുവിള (പ്രസിഡന്റ്, സ്റ്റാഫ് ക്ലബ്ബ്) |
| | : | ശ്രീ. സണ്ണി വർഗീസ് (പ്രസിഡന്റ്, എൻ.ടി.എസ്.എ.) |
| | : | ശ്രീ. റെനിൻ രഞ്ജി (കോളേജ് യൂണിയൻ ചെയർമാൻ) |
| കൃതജ്ഞത | : | ഡോ. ആനി ചെറിയാൻ (ജനറൽ കൺവീനർ) |
| ആശീർവാദം | | |



## പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ; ബസേലിയസ് കലാലയത്തിന്റെ നാമഹേതുകനായ പരിശുദ്ധൻ

കുറിച്ചി കല്ലാശ്ശേരിൽ കുടുംബത്തിൽ ഉലഹന്നാന്റെയും ആച്ചിയമ്മയുടെയും പുത്രനായി 1874 ജൂൺ 16ന് ജനിച്ചു. പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശിഷ്യനായി 1883 മുതൽ പരുമല സെമിനാരിയിൽ വൈദികപഠനം. 1912 സെപ്റ്റംബർ. 8ന് പരുമലപ്പള്ളിയിൽ വച്ച് ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി. 1929 ഫെബ്രുവരി 15ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് പ. ബസേലിയോസ് ഗീവർഗ്ഗീസ് രണ്ടാമൻ എന്ന നാമധേയത്തിൽ കാതോലിക്കായായും 1934-ൽ മലങ്കര മെത്രാപ്പോലീത്തായായും സ്ഥാനാരോഹണം. ഏറ്റവും കൂടുതൽകാലം മലങ്കരസഭയുടെ പരമാധ്യക്ഷപദം അലങ്കരിച്ച സഭാപിതാവ്. സൺഡേസ്കൂൾ, യുവജനപ്രസ്ഥാനം, മർത്തമറിയം വനിതാസമാജം എന്നീ ആത്മീയസംഘടനകൾക്കു തുടക്കം കുറിച്ചു. 1937-ൽ എഡിൻബറോയിൽ നടന്ന അഖിലലോക സഭാസമ്മേളനത്തിൽ സംബന്ധിച്ചു. 1956-ൽ കോട്ടയം പഴയസെമിനാരിയിൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുമായും 1957-ൽ കോട്ടയം എം.ഡി. സെമിനാരിയിൽ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവുമായും കൂടിക്കാഴ്ച നടത്തി.

നിരന്തരമായ പ്രാർത്ഥനയും വ്രതനിഷ്ഠമായ സന്യാസജീവിതവും വേദപുസ്തകപാണ്ഡിത്യവും സമന്വയിച്ച പരിശുദ്ധ ബാവായുടെ കാലഘട്ടത്തിൽ മലങ്കരസഭയ്ക്ക് ആഗോളപ്രശസ്തി കൈവന്നു. 1964 ജനുവരി 3ന് പ. ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ കാലം ചെയ്തു. സാംസ്ക്കാരിക നവോത്ഥാനം ലക്ഷ്യമാക്കി വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തിയ ക്രാന്തദർശിയായ ഈ പരിശുദ്ധ പിതാവിന്റെ നാമധേയത്തിൽ 1964-ൽ കോട്ടയത്ത് ബസേലിയസ് കോളജ് ആരംഭിച്ചു. ജനുവരി 2, 3 തീയതികളിൽ, പരിശുദ്ധപിതാവ് കബറടങ്ങിയ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കുന്ന ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് ബസേലിയസ് കലാലയം 'പേട്രൻ സെയിന്റ്സ് ഡേ' ആചരിക്കുന്നു.



| | |
|---|---|
| **പ്രോഗ്രാം കമ്മറ്റി**<br>കൺവീനർ: **ഡോ. പ്രിയ തമ്പി റ്റി**<br>ജോ. കൺവീനർ: **ശ്രീ. ബൈജു കുര്യാക്കോസ്** | **റിസപ്ഷൻ കമ്മറ്റി**<br>കൺവീനർ: **ഫാ.ജിബി കെ. പോൾ**<br>ജോ. കൺവീനർ: **ശ്രീ. ബിജു കെ. ജേക്കബ്** |
| **കറസ്പോണ്ടൻസ് കമ്മറ്റി**<br>കൺവീനർ: **ശ്രീമതി ടിസി എരുത്തിക്കൽ**<br>ജോ. കൺവീനർ: **ശ്രീ. ജിബി ജോസഫ്** | **ഹോസ്പിറ്റാലിറ്റി കമ്മറ്റി**<br>കൺവീനർ: **ഡോ. അനീഷ മേരി മാത്യു**<br>ജോ. കൺവീനർ: **ശ്രീ. സനീഷ് ഏബ്രഹാം** |
| **പബ്ലിസിറ്റി കമ്മറ്റി**<br>കൺവീനർ: **ഡോ. നിബുലാൽ എം.എൻ**<br>ജോ. കൺവീനർ: **ശ്രീ. മനോജ് ഉലഹന്നാൻ** | **ടെക്നിക്കൽ കമ്മറ്റി**<br>കൺവീനർ: **ഡോ. വിജു കുര്യൻ**<br>ജോ. കൺവീനർ: **ശ്രീ. ബിനീഷ്. എം** |

BASELIUS COLLEGE
LEARN LABOUR LOVE

Baselius College, Kottayam
www.baselius.ac.in

